പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2779 09.05.2017-ലെ മറുപടിക്ക്

## റിസർവ് കണ്ടക്ടർമാരുടെ നിയമനം

ചോദ്യം

ശ്രീ. കെ.എം.ഷാജി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ റിസർവ് കണ്ടക്ടർമാരുടെ 2000 ഒഴിവുകൾ 2016 ഡിസംബർ 31 ന് മുൻപ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിരുന്നോ എന്നും ആയത് പ്രകാരം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (എ) | കോടതി ഉത്തരവ് ഉണ്ടായിരുന്നു.<br>നിലവിൽ കെ.എസ്.ആർ.ടി.സിയിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ, കോടതിയുടെ ഇടക്കാല ഉത്തരവിൻ പ്രകാരം പ്രസ്തുത എണ്ണം ഒഴിവുകൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന ഡിസംബർ 31ന് മുൻപ് പി.എസ്.സിക്ക് താൽക്കാലികമായി റിപ്പോർട്ട് ചെയ്യണമെന്ന് 30.12.16-ൽ വിധിയായിരുന്നു. എന്നാൽ ജഡ്ജ്മെന്റ് കെ.എസ്.ആർ.ടി.സിയിൽ ലഭ്യമായത് 04.01.17-ൽ മാത്രമാണ്. നിലവിൽ കെ.എസ്.ആർ.ടി.സിയിൽ റിസർവ്വ് കണ്ടക്ടർമാരുടെ ഒഴിവുകളില്ലാത്തതിനാൽ ഈ ഇടക്കാല ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സിയുടെ ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി യിൽ റിസർവ് കണ്ടക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഒഴിവുകൾ ഇല്ല. |
| (സി) | 5.09.2013, 01.09.2016, 15.12.2016, 31.12.2016 എന്നീ തീയതികളിലായിട്ടുള്ള റിസർവ് കണ്ടക്ടർ പി.എസ്.സി. അഡ്വൈസിൽ ഓരോ തീയതി പ്രകാരമുള്ളതിലും എത്ര എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും | (സി) | 05.09.2013 തീയതിയിലെ റിസർവ്വ കണ്ടക്ടർ തസ്തികയിലുള്ള പി.എസ്.സി അഡ്വൈസിൽ നിന്നും അഞ്ച് ഘട്ടങ്ങളിലായി നടന്ന നിയമനങ്ങളിലായി 4030 NJD ഒഴിവുകൾ ഉണ്ട്. 09.09.16-ൽ 165 NJD ഒഴിവുകൾ ഉണ്ട്. 15.12.16, 31.12.16ലെ റിസർവ്വ് കണ്ടക്ടർ തസ്തികയിലെ പി.എസ്.സി |

| | | | |
|---|---|---|---|
| | അതിൽ എത്രയെണ്ണം വീതം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | | അഡ്വൈസിൽ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല.<br>ഓരോ നിയമന ഘട്ടത്തിലേയും NJD ഒഴിവുകൾ 2013 മുതൽ 2015 വരെയുള്ള കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ, ടി കാലയളവിലെ സർവ്വീസ് വർദ്ധനവിന് ആനുപാതികമായി ഉണ്ടായ ഒഴിവുകൾ എന്നിവയെല്ലാം തിട്ടപ്പെടുത്തി പ്രസ്തുത റാങ്ക് പട്ടികയിലെ 9300 പേർക്കും നിയമനം അനുവദിച്ചു. മാത്രമല്ല ഓരോ നിയമന ഘട്ടത്തിലേയും NJD ഒഴിവുകൾ - പ്രസ്തുത എണ്ണത്തിന് പകരമായി നിയമന ശുപാർശ നൽകേണ്ടതില്ല എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പി.എസ്.സിയിൽ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ നിയമന ഘട്ടത്തിലും സൃഷ്ടിക്കപ്പെടുന്ന NJD ഒഴിവുകൾ അടുത്ത നിയമന ഘട്ടത്തിൽ നികത്തപ്പെടുന്നതിനാലാണ് പകരം നിയമന ശുപാർശ അനുവദിക്കരുതെന്ന നിർദ്ദേശം കോർപ്പറേഷൻ ഉൾപ്പെടുത്തിയിരുന്നത്. |
| (ഡി) | 5.09.2013 ന് ശേഷം റിസർവ് കണ്ടക്ടർമാരുടെ എത്ര പുതിയ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | 2014-ലെ പ്രതീക്ഷിത ഒഴിവുകളായ 134 ഉം, 2015-ലെ പ്രതീക്ഷിത ഒഴിവുകളായ 315 ഉം 2016-ലെ പ്രതീക്ഷിത ഒഴിവുകളായ 25 ഉം 31.12.2017-വരെയുള്ള പ്രതീക്ഷിത ഒഴിവുകളായ 219 ഉം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**